ബ്രേക്ക്‌വാട്ടറിന്റെ നിർമ്മാണം 800 അടിയോളമായപ്പോഴേ വാർഫിന്റെ മുമ്പിലുള്ള ഹാർബർബേസിനിൽ ചെളികൂടി ഉണ്ടായതുമൂലം 1969-ൽ ഇതിന്റെപണി നിറുത്തിവെയ്ക്കേണ്ടിവന്നു. 76-ൽ കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം ഈ പദ്ധതിയുടെ ബാക്കിയുള്ള നിർമ്മാണം നിറുത്തിവെക്കുകയും ഒരു മാതൃകാപഠനം നടത്തിയതിനുശേഷം ബാക്കിജോലികൂടി പൂർത്തിയാക്കിയാൽ മതിയെന്നും തീരുമാനിക്കുകയാണുണ്ടായത്. ആ വർഷംതന്നെ ഇതിന്റെ നിർമ്മാണം പി. ഡബ്ല്യു. ഡി. യിൽനിന്നും ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിലേക്ക് മാറ്റി. ഹാർബർ എഞ്ചിനീയറിംഗ്‌വിഭാഗം ഇതിനെക്കുറിച്ച് വ്യാപകമായപഠനം നടത്തി കൂടുതൽ സാങ്കേതിക ഉപദേശത്തിനായി പൂച്ചി എഞ്ചിനീയറിങ്ങ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ സമീപിച്ചു. മാതൃകാപഠനത്തിന്റെ റിപ്പോർട്ടും നോർവീജിയൻ സാങ്കേതിക വിദഗ്ദ്ധനായ പ്രൊഫസർ ബ്രൂണിന്റെ റിപ്പോർട്ടും 17-6-85-ൽ ലഭിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടുകളുടെ പ്രകാരം താഴെ പറയുന്ന കാര്യങ്ങളാണ് ഈ കാര്യത്തിൽ ചെയ്തുതീർക്കുവാനുള്ളത്:

1. ഒരു പ്രത്യേക ദിശയിലേക്ക് മുഖ്യബ്രേക്ക്‌വാട്ടറിന്റെ നീളം ഏതാണ്ട് 130 മീറ്റർ നീട്ടുക.
2. ഒരു ലീ-വാർഡ് ബ്രേക്ക്‌വാട്ടർ നിർമ്മിക്കുക.
3. സിൽറ്റ് ട്രാപ്പ് നിർമ്മിക്കുക. ഇതിനുവേണ്ടി ഇതുവരെയായി 53.13 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

ഇതിന്റെ പുതുക്കിയ രൂപരേഖ 1986 സെപ്തംബർ മാസത്തോടുകൂടി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതനുസരിച്ച് കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിക്കും. ഈ വർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതിയുടെ നിർമ്മാണത്തിനുവേണ്ടി തുക വകകൊള്ളിച്ചിട്ടില്ലെങ്കിലും കേന്ദ്രഗവൺമെന്റിന്റെ സഹായം കിട്ടിയാൽ ഈ പണി പൂർത്തിയാക്കുന്നതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: പാർലമെന്റിൽ ചോദ്യം ചോദിച്ചപ്പോഴേ കേരളസർക്കാർ ഈ പദ്ധതിയെക്കുറിച്ച് ഒരിക്കലും വേണ്ടത്ര സമ്മർദ്ദം ചെലുത്തിയിട്ടില്ലെന്നും കേരള സർക്കാരിന്റെ ചെറുകിട ഹാർബർ പദ്ധതികളിൽ പ്രയോറിറ്റി ലിസ്റ്റിൽപോലും ഈ പദ്ധതിയുടെ പേർ ഉൾക്കൊള്ളിച്ചിട്ടില്ലെന്നും മന്ത്രി ബൂട്ടാസിംഗ് മറുപടി പറഞ്ഞിട്ടുണ്ട്. അതു ശരിയാണോ? ശരിയാണെങ്കിൽ അതു നടത്തിക്കിട്ടുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: അങ്ങനെ പറയുമെന്ന് എനിക്കു തോന്നുന്നില്ല. ഇതിനെപ്പറ്റി കേന്ദ്രഗവൺമെന്റിലേക്ക് എഴുതി അയച്ചിട്ടുണ്ട്.

(2) കീരിയേലി മലയിലെ മണ്ണൊലിപ്പ്

ശ്രീ. കെ. ജി. ആർ. കർത്താ: സർ, തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ തൃക്കാക്കര പഞ്ചായത്തിൽ ഫ്രീ ട്രേഡ് സോണിനു സ്ഥലമെടുത്തപ്പോഴേ 43 കുടുബങ്ങളെ കുടിയൊഴിപ്പിക്കുകയുണ്ടായി. അതുപോലെതന്നെ പാലാരിവട്ടം സിവിൽസ്റ്റേഷൻ റോഡ് വികസിപ്പിച്ചപ്പോഴേ ഏതാണ്ട് 50-ൽപരം കുടുംബങ്ങളെ അവിടെനിന്നും ഒഴിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ഗവൺമെന്റുമായി സംസാരിച്ച

LIBRARY ARCHIVES Kerala Legislative Assembly

തിന്റെ ഫലമായി തൃക്കാക്കരയിലെ പാട്ടുപുരക്ക് വടക്കുവശം ഉള്ള മലയുടെ അടിവാരത്തിൽ നൂറിൽപ്പരം കുടുംബങ്ങൾക്ക് മൂന്നും നാലും സെന്റുഭൂമി വീതം നൽകി താമസിപ്പിച്ചു. ഭവനനിർമ്മാണ പദ്ധതിയനുസരിച്ച് അവർക്ക് വീടുകൾ തീർത്തുകൊടുത്തു. വളരെനല്ല ജീവിതസൗകര്യങ്ങൾ ഉണ്ടായിരുന്ന ആളുകളാണവർ. അവരുടെ കൈവശമുണ്ടായിരുന്ന സ്ഥലങ്ങൾ പൊതുആവശ്യത്തിനുവേണ്ടി വിട്ടുകൊടുത്തിട്ട് കിഴുക്കാംതൂക്കായിക്കിടക്കുന്ന മലയുടെ അടിവാരത്തിലേക്ക് അവരെ മാറ്റിയതോടുകൂടി അവർ വളരെയധികം കഷ്ടപ്പെടുകയാണ്. മഴ വന്നപ്പോൾ ആ ഭൂമിയിൽ മണ്ണൊലിച്ച് ആ വീടുകളാകെ തകർന്നു തരിപ്പണമായി. ഭിത്തിപൊട്ടി. ഓടിളകി, തറപോയി എല്ലാം നശിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ നിവേദനം നൽകിയിട്ടുണ്ട്. കളക്ടറോട് റിപ്പോർട്ടു നൽകണമെന്നദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ഇവിടെ അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശംതന്നെ ഇത് സ്ഥായിയായി പരിഹരിക്കുന്നതിന് മണ്ണൊലിപ്പു തടഞ്ഞെ മതിയാകൂ എന്നുള്ളതുകൊണ്ടാണ്. കൃഷിവകുപ്പുമന്ത്രി ഇതിനാവശ്യമായ നടപടികൾ ഉടനേ സ്വീകരിക്കണം. അവിടെ ഇടക്കയ്യാലകൾ കെട്ടിക്കൊണ്ട് ചരിഞ്ഞുകിടക്കുന്ന ഭൂമി നികത്തിയെടുക്കണം. അതിനാവശ്യമായ നടപടികൾ ഉടനെ ആരംഭിച്ചേ മതിയാകൂ. രണ്ടു കിണറുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ആ രണ്ടു കിണറുകളും മഴവന്നപ്പോൾ നികന്നുപോയി. അവർക്ക് കുടിക്കുവാൻ ജലമില്ല. അവരുടെ കിടപ്പാടം നഷ്ടപ്പെട്ടുപോയി. മാവേലിമന്നന്റെ നാടാണ് തൃക്കാക്കര. അദ്ദേഹം ഓണത്തിനിവിടെ വരും. ബഹുമാനപ്പെട്ട മന്ത്രി സുന്ദരൻനാടാരെ അനുഗ്രഹിക്കാൻവേണ്ടി, അദ്ദേഹത്തിന് ആശംസകൾ നൽകുന്നതിനുവേണ്ടി മാവേലി കേരളം സന്ദർശിക്കുമ്പോൾ മണ്ണൊലിപ്പുതടഞ്ഞ് അദ്ദേഹത്തെ കാണിച്ചുകൊടുക്കണം. ആ പാവപ്പെട്ടവർ ഇന്ന് പെരുവഴിയിലാണ്. അതിന് ഉടനെ നടപടിയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

കൃഷിവകുപ്പുമന്ത്രി (ശ്രീ.എൻ. സുന്ദരൻനാടാർ): സർ, പാലാരിവട്ടം-കുമാരപുരം റോഡിന് വീതികൂട്ടുന്നതിനുവേണ്ടി റോഡ് പുറമ്പോക്കിൽ താമസിച്ചിരുന്ന 57 കുടുംബങ്ങളെ കുടിയൊഴിപ്പിക്കുകയുണ്ടായി. അവരെ കുടിയിരുത്തുന്നതിനുവേണ്ടി കീരിയേലിമലയിൽ ആറായിരം രൂപവീതം മുടക്കി വീടുകൾ പണിതുടങ്ങി. അതിൽ പത്തു വീടിന്റെ പണി പൂർത്തിയായി. പൂർത്തിയായ പത്തുവീടുകളിൽ രണ്ടെണ്ണത്തിന് ഭാഗികമായ കേടുപാടുകൾ ഉണ്ടായിട്ടുണ്ട്. പണിപൂർത്തിയാക്കാത്ത എട്ടു വീടുകൾക്കും ഭാഗികമായി കേടുപാടുകൾ ഉണ്ടായിരിക്കുകയാണ്. മഴയും മണ്ണൊലിപ്പുംമൂലമാണിതു സംഭവിച്ചത്. ഈ കാര്യങ്ങൾക്ക് ആവശ്യമായ നടപടികളെടുക്കുവാൻ ജില്ലാകളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഫ്രീട്രേഡ് സോണിനുവേണ്ടിഎടുത്ത സ്ഥലത്തിന് പുറമ്പോക്കിൽ താമസിച്ചിരുന്ന 47 കുടുംബങ്ങൾക്ക് നാലു സെന്റുവീതം സ്ഥലവും സാമ്പത്തികസഹായവും കൊടുത്ത് കുടിയിരുത്തിയിട്ടുണ്ട്. ഈ വീടുകൾക്കൊന്നും കേടുപാടുകൾ ഉണ്ടായിട്ടില്ല. ഗവൺമെന്റ് ഇതിനാവശ്യമായ നടപടികൾ എടുക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് ഉറപ്പുനൽകുന്നു.

ശ്രീ. കെ. ജി. ആർ. കർത്താ: ആകെ രണ്ടു കിണറുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അത് നഷ്ടപ്പെട്ടുപോയി.

ശ്രീ. എൻ. സുന്ദരൻനാടാർ: അതെല്ലാം ചെയ്യുന്നതിനുവേണ്ടി കളക്ടർക്ക് വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly